LIBRARY ARCHIVES Kerala Legislative Assembly

സ്പൈനൽ മസ്കുലർ അട്രോഫി (SMA) സംബന്ധിയായ അസുഖങ്ങളുള്ള കുട്ടികൾക്ക് വിവിധ സ്പെഷ്യലിസ്റ്റുകളുടെ ചികിത്സ ആവശ്യമാണ്. ശ്വാസകോശ സംബന്ധമായ അസുഖങ്ങളും അസ്ഥി സംബന്ധമായ അസുഖങ്ങളുമാണ് ഇവർ പ്രധാനമായും നേരിടുന്നത്. ഇതിന് ഫലപ്രദമായ ചികിത്സ സർക്കാർ മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്. അസുഖമുള്ള കുട്ടിയുടെ കുടുംബത്തിന് ജനിതക കൗൺസിലിംഗ് നൽകി ബോധവൽക്കരിച്ച് തുടർ ഗർഭധാരണങ്ങളിൽ ഗർഭ സമയത്ത് തന്നെ രോഗ നിർണ്ണയം നടത്തി അസുഖം സ്ഥിരീകരിച്ച് ചികിത്സാ നടപടികൾ സ്വീകരിക്കാവുന്നതാണ്. ഈ അസുഖത്തിന് നിലവിൽ ലഭ്യമായ ഏറ്റവും ഫലപ്രദമായ മരുന്ന് വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്ന 'സോൾ ജെൻസ്മ' ആണ്. മരുന്ന് ലഭ്യമാകുന്നതനുസരിച്ച് ചികിത്സ നൽകുന്നതിനുള്ള സൗകര്യങ്ങൾ നമ്മുടെ നാട്ടിൽ ലഭ്യമാണ്. രോഗ നിർണ്ണയം നേരത്തെ നടത്തി, പ്രാരംഭ ഘട്ടത്തിൽ മരുന്ന് ലഭ്യമായാൽ SMA-യെ ചെറുക്കാൻ സാധിക്കുന്നതാണ്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന ' വി കെയർ' പദ്ധതിയിലൂടെ വ്യക്തികൾ, സന്നദ്ധ സംഘടനകൾ, ഫൗണ്ടേഷനുകൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ എന്നിവയിൽ നിന്നും സമാഹരിക്കുന്ന തുക ഉപയോഗിച്ച് അപൂർവ്വ രോഗബാധിതരായ കുട്ടികൾക്ക് ചികിത്സാ സഹായങ്ങൾ നൽകി വരുന്നുണ്ട്. രാജ്യത്തിനകത്തും പുറത്തുമുള്ളവരിൽ നിന്നും ഓൺലൈൻ പേയ്മെന്റ് ഗേറ്റ് വേ വഴിയും നേരിട്ടുമാണ് സംഭാവന സ്വീകരിക്കുന്നത്.

സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങാൻ നടപടി

209 (4934) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത രോഗികൾക്ക് സൗജന്യമായി എന്തൊക്കെ ചികിത്സാ സൗകര്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താരതമ്യേന ദീർഘസ്ഥായി രോഗങ്ങളായിട്ടുള്ളതും ഉയർന്ന ചികിത്സാ ചെലവ് വേണ്ടിവരുന്നതുമായ വൃക്ക രോഗങ്ങൾക്ക് സൗജന്യ നിരക്കിൽ ചികിത്സ നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 87 ഡയാലിസിസ് കേന്ദ്രങ്ങളിലും കുറഞ്ഞ നിരക്കിലാണ് ഡയാലിസിസും ഇതിനോടനുബന്ധമായിട്ടുള്ള മരുന്നുകളും നൽകിവരുന്നത്. കീമോ ഡയാലിസിസ് കൊണ്ട് രോഗികൾക്ക് സാമ്പത്തിക ഭാരവും സമയ നഷ്ടവും പ്രായോഗിക ബുദ്ധിമുട്ടുകളും ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ വീടുകളിൽവെച്ച്തന്നെ ഡയാലിസിസ് ചെയ്യുവാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കുന്ന പെരിട്ടോണിയൽ ഡയാലിലിസ് പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി പ്രധാന സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സൗജന്യമായി ചെയ്തുകൊടുക്കുന്നുണ്ട്. കൂടാതെ ആരോഗ്യ കേരളം പാലിയേറ്റിവ് കെയർ പ്രൊജക്ട് പദ്ധതി പ്രകാരം വൃക്ക രോഗികൾക്ക് വേണ്ട എറിത്രോപോയിറ്റിൻ ഇൻജെക്ഷൻ സൗജന്യമായി നൽകുന്നുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് വഴി സർക്കാർ ആശുപത്രികളിലും സർക്കാർ അംഗീകരിക്കുന്ന സ്വകാര്യ ആശുപത്രികളിലും അവയവ മാറ്റ ശാസ്ത്രക്രിയയ്ക്കും ധനസഹായം നൽകുന്നുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി 5 ലക്ഷം രൂപ വരെ വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ലഭിക്കുന്നതാണ്. സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള സമാശ്വാസ പദ്ധതി പ്രകാരം വൃക്ക/കരൾ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ഒരു ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 1,600 രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്നുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ് 5 വർഷം വരെയാണ് ധനസഹായം നൽകുന്നത്. രോഗിയെ പരിചരിക്കുന്നവർക്ക് 1,000 രൂപ പെൻഷൻ നൽകുന്നുണ്ട്. ഇത് ഡയാലിസിസ് രോഗികൾക്കും ലഭ്യമാണ്. അവയവ മാറ്റ ശാസ്ത്രക്രിയ നടത്തി ആറ് മാസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുമുള്ള ധനസഹായവും ലഭിക്കുന്നതാണ്.

(ബി) കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ അനുദിനം വർദ്ധിച്ചുവരുന്ന വൃക്കരോഗികൾക്ക് സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കുത്തുപറമ്പ് താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശസ്ഥാപനങ്ങൾ ഒരുക്കുകയും, യന്ത്രങ്ങൾ സന്നദ്ധ സംഘടനകൾ വഴി ലഭ്യമാക്കുകയും ചെയ്താൽ മറ്റ് പ്രവർത്തനങ്ങൾക്ക് സർക്കാർ മുൻകയ്യെടുക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ കഴിയുന്നതെന്ന് വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.